"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - തൃക്കാക്കര മുനിസിപ്പൽ ഓഫീസിൽ നടന്ന വിജിലൻസ് പരിശോധന - മുൻ മുനിസിപ്പൽ എൻജിനീയറായിരുന്ന ശ്രീ. എസ്. രാജേന്ദ്രനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.965/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/05/2020

പരാമർശം:-1 വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 23.01.2017-ലെ 12360/ഡി1/2016/വിജ്. നമ്പർ കത്ത്.

2 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05.11.2016-ലെ ഇ26(വിസി.14/15/സി.ആർ.ഇ) 9524/15 നമ്പർ കത്ത്.

3 09.06.2017ലെ 108/ഇഡബ്ല്യു1/17/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

4 ശ്രീ. എസ്.രാജേന്ദ്രൻ സമർപ്പിച്ച 01.06.2018-ലെ എതിർവാദപത്രിക.

5 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 30.05.19-ലെ CTPVIG/856/18 നമ്പർ റിപ്പോർട്ട്.

6 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25.09.18, 29.02.20 എന്നീ തീയതികളിലെ ഇ13/9907/17/സി.ഇ./തസ്വഭവ. നം. കത്ത്.

**ഉത്തരവ്**

തൃക്കാക്കര മുനിസിപ്പൽ ഓഫീസിൽ വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

വാഴക്കാല വില്ലേജിൽപ്പെട്ട റീസർവ്വേ നം.412/2,9,10,20&23-ൽ ശ്രീ. കെ. ടി. മാത്യു ക്ലാസിക് കൺസ്ട്രക്ഷൻസിന്റെ പേരിൽ ഒരു റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. ടി പഞ്ചായത്തിൽ KMBR നടപ്പിലാക്കിയത് 15.11.2006-ലാണ്. പിന്നീട് 01.11.10-ൽ ടി പഞ്ചായത്ത് തൃക്കാക്കര മുനിസിപ്പാലിറ്റിയായി അപ്ഗ്രേഡ് ചെയ്തിരുന്നു. രണ്ട് ബ്ലോക്കുകളായി (A & B) നിർമ്മിച്ച ക്ലാസിക് അപാർട്ട്മെന്റ്സിന്റെ നിർമ്മാണം റെഗുലറൈസ് ചെയ്തുകൊണ്ട് 16.12.11 ലെ BA-127/11/12-ായി പെർമിറ്റ് അനുവദിച്ചിരുന്നു. എ ബ്ലോക്കിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റിന് വേണ്ടി 2.1.12-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഫയർഫോഴ്സിന്റെ NOC ലഭ്യമാക്കുന്നമുറയ്ക്ക് ടി സർട്ടിഫിക്കറ്റ് അനുവദിക്കാമെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്യുകയും അതേസമയം ബിൽഡറിന്റെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകാമെന്ന് മുൻസിപ്പൽ എഞ്ചിനീയർ ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ രണ്ട് മാസത്തിനുള്ളിൽ NOC ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെ സെക്രട്ടറി പ്രൊവിഷണൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയുണ്ടായി. ഫയലിൽ പ്രൊവിഷണൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന് രേഖപ്പെടുത്തിയിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ഒരു ബ്ലോക്കിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചതായി കണ്ടെത്തിയിരുന്നു. അതേസമയം കെട്ടിടയുടമ നിശ്ചിത സമയപരിധിക്കുള്ളിൽ ഫയർ ഫോഴ്സിൽ നിന്നും NOC ലഭ്യമാക്കിയിരുന്നില്ല. ഇതിനെതിരെ മുനിസിപ്പൽ അധികൃതർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

കെട്ടിടയുടമ 20.07.2012-ൽ ബ്ലോക്ക് ബി-യ്ക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 3 മാസത്തിനുള്ളിൽ ഫയർഫോഴ്സിൽ നിന്നും Pollution Control Board-ൽ നിന്നും എൻ.ഒ.സി ലഭ്യമാക്കണമെന്ന കെട്ടിട ഉടമയുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി പ്രൊവിഷണൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയുണ്ടായി. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ ആയത് ലഭ്യമാക്കാത്തതിനാൽ 5.8.2013-ൽ ഫയൽ പുനരാരംഭിക്കുകയും അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാൻ മുനിസിപ്പൽ എഞ്ചിനീയർക്ക് സെക്രട്ടറി നിർദ്ദേശം നൽകുകയുമുണ്ടായി. എന്നാൽ 19.3.13ന് കെട്ടിടയുടമ, ഫയർഫോഴ്സ് ഫൈനൽ എൻ.ഒ.സി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നോട്ട് ഫയലിലെ 14-ാം പേജിൽ "On verification, NOC plan is different from completion plan and obtain explanation from the party" എന്ന് മുൻസിപ്പൽ എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഫയലിൽ PWD-യെ വിട്ട് സൈറ്റ് പരിശോധിക്കാവുന്നതും NOC

പ്ലാനിലെയും കംപ്ലീഷൻ പ്ലാനിലെയും വ്യത്യാസം സംബന്ധിച്ച് കക്ഷിയിൽ നിന്നും വിശദീകരണം വാങ്ങാവുന്നതാണെന്നും സെക്രട്ടറി രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മുൻസിപ്പൽ അധികൃതർ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലായെന്ന് കണ്ടെത്തിയിരുന്നു.

2. പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയായ തൃക്കാക്കരയിലെ മുൻസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ. എസ്. രാജേന്ദ്രനെതിരെ (PEN 662063) കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ) ചട്ടം 16 പ്രകാരം ലഘുശിക്ഷയ്ക്ക് അച്ചടക്കനടപടി സ്വീകരിച്ച് പരാമർശം 3 പ്രകാരം കുറ്റപത്രം കുറ്റാരോപണപത്രിക എന്നിവ നൽകിയിരുന്നു.

3. പരാമർശം 4 പ്രകാരം ശ്രീ. രാജേന്ദ്രൻ സമർപ്പിച്ച എതിർവാദപത്രികയിലെ വാദഗതികൾ ചുവടെ ചേർക്കുന്നു.

തൃക്കാക്കരയിൽ കെട്ടിട നിർമ്മാണ ചട്ട നിയമം നിലവിൽ വന്നത് 06.11.2006 തീയതിയിലെ G.O(MS) No.250/2006/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമാണ്. ആയതിന് മുമ്പ് കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി വാങ്ങേണ്ടതില്ലായിരുന്നു. ആയതിനാൽ ആവശ്യകതയനുസരിച്ച് സമർപ്പിക്കപ്പെടുന്ന പ്ലാനുകൾക്ക് മാത്രം എൻ.ഒ.സി നൽകുകയായിരുന്നു പതിവ്. ടി കെട്ടിടത്തിന് പ്രൊവിഷണൽ ഒക്യുപ്പൻസി നൽകുന്നതിന് താൻ ശുപാർശ ചെയ്തിട്ടില്ല. ഫയർ എൻ.ഒ.സി ഹാജരാക്കിയില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി നൽകുന്നത് ഒഴിവാക്കാൻ കഴിയുന്നതല്ല. എങ്കിലും പൊതു സുരക്ഷ കണക്കിലെടുത്താണ് ഫൈനൽ ഫയർ എൻ.ഒ.സി ഹാജരാക്കുന്ന മുറയ്ക്ക് ഒക്യുപ്പൻസി നൽകാമെന്ന് താൻ ശുപാർശ ചെയ്തത്. കെട്ടിടനിർമ്മാണ ചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള നിർമ്മാണമായതിനാലും ടി കാലഘട്ടത്തിൽ ഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും എൻ.ഒ.സി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ കാലതാമസം പരിഗണിച്ചും കെട്ടിട നമ്പർ ലഭിച്ചാൽ മാത്രം ചെയ്ത് തീർക്കാനുള്ള വാട്ടർ & ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കുന്ന നടപടിക്രമങ്ങൾ ചെയ്യുന്നതിലേക്കുമായി മൂന്ന് മാസത്തെ സാവകാശം അനുവദിച്ചുകൊണ്ട് പാർഷ്യൽ ഒക്യുപ്പൻസി നൽകണമെന്നുള്ള നിർമ്മാതാക്കളുടെ അപേക്ഷ പരിഗണിച്ച് പാർഷ്യൽ ഒക്യുപ്പൻസി നൽകുന്നതിന് മാത്രമാണ് താൻ ശുപാർശ ചെയ്തിട്ടുള്ളത്. തുടർന്ന് താൻ ട്രാൻസ്ഫർ ആയി പോയതിനാൽ ഈ വിഷയത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വന്നു.

4. പ്രസ്തുത കെട്ടിടത്തിന് പ്രൊവിഷണൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റിന് ശുപാർശ ചെയ്തിട്ടില്ലായെന്നും, പാർഷ്യൽ ഒക്യുപൻസി നൽകുന്നതിനാണ് ശുപാർശ ചെയ്തിരുന്നതെന്നുമുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. രാജേന്ദ്രൻ.എസ്-ന്റെ മറുപടി ശരിയാണെന്നും തൃക്കാക്കര മുൻസിപ്പാലിറ്റിയിൽ കെട്ടിടനിർമ്മാണ ചട്ടം ബാധകമാക്കി വരുന്ന ഒരു കാലയളവിൽ നൽകിയിട്ടുള്ള കെട്ടിട നിർമ്മാണാനുമതി ആകയാലും Fire NOC ലഭ്യമാക്കാൻ 3 മാസത്തെ സാവകാശം അനുവദിച്ചുകൊണ്ട് പാർഷ്യൽ ഒക്യുപ്പൻസി നൽകുന്നതിന് ശുപാർശ ചെയ്ത ടിയാന്റെ നടപടി പരിഗണനാർഹമാണെന്ന് ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിട്ടുണ്ട്. 8/8/2012ലാണ് കെട്ടിടത്തിന് സെക്രട്ടറി പ്രൊവിഷണൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. സത്യവാങ്മൂലത്തിൽ പറയുന്ന 3 മാസകാലാവധി അവസാനിക്കുന്നതിനു മുൻപായി 3/11/12-ൽ നഗരസഭയിൽ നിന്നും ട്രാൻസ്ഫർ ആയി പോയതിനാലും, കക്ഷി സമയബന്ധിതമായി രേഖകൾ ഹാജരാക്കാത്തതിനാൽ ടി കെട്ടിടത്തിനെതിരെ നടപടി സ്വീകരിക്കാതിരുന്നതിലും ശ്രീ. രാജേന്ദ്രന്റെ ഭാഗത്ത് വീഴ്ച ഉണ്ടായതായി കാണുന്നില്ലെന്നും ടിയാൻ ട്രാൻസ്ഫർ ആയതിനു ശേഷമാണ് NOC Plan-ൽ നിന്നും വ്യത്യാസമായിട്ടാണ് കംപ്ലീഷൻ പ്ലാൻ എന്ന് മുനിസിപ്പൽ എഞ്ചിനീയർ കണ്ടെത്തിയതെന്നും നിലവിൽ regularised NOC plan പ്രകാരം ഫൈനൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് കെട്ടിടത്തിന് നൽകിയിട്ടുണ്ടെന്നും പരാമർശം 6 പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു.

5. KMBR-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള NOC-കൾ പിന്നീട് ലഭ്യമാക്കണം എന്ന് വ്യവസ്ഥകൾ വച്ച് പെർമിറ്റ്/ഒക്യുപ്പൻസി നൽകുന്നതിനെതിരെ 22-08-2014-ലെ 46871/RA1/14/LSGD നമ്പർ സർക്കുലർ നിലവിലുള്ളതിനാലും ഈ വിഷയത്തിൽ പാർഷ്യൽ ഒക്യുപ്പൻസി നൽകുന്നതിന് ശുപാർശ ചെയ്തിട്ടുള്ളത് മേൽ സർക്കുലർ നിലവിൽ വരുന്നതിനു മുൻപാണെന്നതിനാലും ശ്രീ. എസ്.രാജേന്ദ്രന്റെ നടപടി ചട്ട പ്രകാരമോണോ എന്നതിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ അഭിപ്രായം ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടി അപാർട്മെന്റിന്റെ ഒന്നാമത്തെ ബ്ലോക്ക് (A Block) കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കെട്ടിട ഉടമ 02.01.2012-ൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും final fire NOC ലഭ്യമാക്കാതിരുന്നതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആയത് 3 മാസത്തിനകം ഹാജരാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി 06.02.2012-ൽ പാർഷ്യൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുകയും, പിന്നീട് 20.07.2012-ൽ രണ്ടാമത്തെ ബ്ലോക്ക് (B Block) കെട്ടിടത്തിന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കെട്ടിട ഉടമ അപേക്ഷ സമർപ്പിച്ചപ്പോൾ 3 മാസത്തിനകം Pollution Control Board, Fire & Rescue Department

എന്നിവിടങ്ങളിൽ നിന്നുള്ള എൻ.ഒ.സി. ഹാജരാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി 08.08.2012-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പാർഷ്യൽ ഒക്യുപൻസി അനുവദിക്കുകയും ചെയ്തുവെങ്കിലും 03.11.2012 വരെ തൃക്കാക്കര നഗരസഭയിൽ സേവനം ചെയ്തിരുന്ന ശ്രീ. എസ്.രാജേന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫയർ എൻ.ഒ.സി. ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിച്ചിട്ടില്ലെന്നും പരാമർശം 5പ്രകാരം ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ട് ചെയ്തിരുന്നു.

6. കുറ്റാരോപിതൻ സമർപ്പിച്ച പ്രതിവാദപത്രിക, ചീഫ് എഞ്ചിനീയർ, ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) എന്നിവരുടെ അഭിപ്രായം എന്നിവ പരിശോധിക്കുമ്പോൾ ടി അപ്പാർട്ട്മെന്റിന്റെ ഒന്നാമത്തെ ബ്ലോക്ക് **(A Block)** കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കെട്ടിട ഉടമ 02.01.2012-ൽ അപേക്ഷ സമർ പ്പിച്ചുവെങ്കിലും final fire NOC ലഭ്യമാക്കാതിരുന്നതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആയത് 3 മാസത്തിനകം ഹാജരാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി 06.02.2012-ൽ പാർഷ്യൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുകയും, പിന്നീട് 20.07.2012-ൽ രണ്ടാമത്തെ ബ്ലോക്ക് **(B Block)** കെട്ടിടത്തിന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കെട്ടിട ഉടമ അപേക്ഷ സമർപ്പിച്ചപ്പോൾ 3 മാസത്തിനകം Pollution Control Board, Fire & Rescue Department എന്നിവിടങ്ങളിൽ നിന്നുള്ള എൻ.ഒ.സി. ഹാജരാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി 08.08.2012-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പാർഷ്യൽ ഒക്യുപൻസി അനുവദിക്കുകയും ചെയ്തുവെങ്കിലും 03.11.2012 വരെ തൃക്കാക്കര നഗരസഭയിൽ സേവനം ചെയ്തിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. എസ്.രാജേന്ദ്രൻ ഫയർ എൻ.ഒ.സി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിച്ചില്ല എന്നത് വ്യക്തമാണ്. ഇത് ടിയാന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

മേൽ സാഹചര്യത്തിൽ തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ മുൻസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ. എസ്. രാജേന്ദ്രനെതിരെയുള്ള(PEN 662063) സ്വീകരിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുകുട്ടന് എം എസ്**

**അഡിഷണൽ സെക്രട്ടറി**

1. ശ്രീ. എസ്. രാജേന്ദ്രൻ, (PEN 662063) മുൻ മുനിസിപ്പൽ എൻജിനീയർ, തൃക്കാക്കര മുനിസിപ്പൽ ഓഫീസ്. (തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
5. വിജിലൻസ് വകുപ്പ്.
6. തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ-3) വകുപ്പ്
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SREEKANTH G
Date: 2020.05.25 17:36:20 IST
Reason: Approved

സെക്ഷൻ ഓഫീസർ